നൽകുകയോ പ്രസ്തുത പോസ്റ്റിനു അർഹമായ ശമ്പളം കൊടുക്കുകയോ ചെയ്തുവരുന്നുണ്ടോ;

(എഫ്) എങ്കിൽ എന്ത് അടിസ്ഥാനത്തിലെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്.

(ബി) സ്പെഷ്യൽ റൂൾസ് പ്രകാരം ഫയർമാൻ തസ്തികയിൽ നിന്നും ലീഡിംഗ് ഫയർമാൻ തസ്തികയിലേയ്ക്ക് പ്രമോഷനുവേണ്ടി പ്രത്യേക വിദ്യാഭ്യാസ യോഗ്യത നിശ്ചയിച്ചിട്ടില്ല. സർവ്വീസിലുള്ള ഫയർമാൻ ലീഡിംഗ് ഫയർമാൻ പ്രമോഷനുള്ള യോഗ്യതാ നിർണ്ണയ പരീക്ഷ വിജയകരമായി പൂർത്തിയാകുന്ന മുറയ്ക്ക് സീനിയോറിറ്റി അടിസ്ഥാനത്തിൽ പ്രമോഷൻ നൽകുകയാണ് ചെയ്യുന്നത്.

(സി) സ്പെഷ്യൽ റൂൾസിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ലീഡിംഗ് ഫയർമാനായി ആർക്കും പ്രമോഷൻ നൽകിയിട്ടില്ല.

(ഡി)(ഇ)&(എഫ്) ചോദ്യം ഉദിക്കുന്നില്ല.

127 (2440) നെടുമങ്ങാട് താലൂക്കാസ്ഥാനത്ത് ഫയർ സ്റ്റേഷനു അനുമതി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കാസ്ഥാനത്ത് ഫയർ സ്റ്റേഷനു അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് അനുമതി നൽകിയത്;

(ബി) ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ ഫയർ സ്റ്റേഷൻ ഈ സാമ്പത്തിക വർഷത്തിൽ തന്നെ തുടങ്ങുന്നതിനു നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)(ബി)&(സി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാപ്പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ ഇക്കാര്യം ഇപ്പോൾ പരിഗണിയ്ക്കാൻ നിർവ്വാഹമില്ല.

128 (2441) ഫയർ സർവ്വീസിൽ ഡ്രൈവർമാരുടെ പ്രമോഷൻ

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫയർ സർവ്വീസിൽ ഡ്രൈവർമാരായി നിയമിക്കപ്പെട്ട എത്രപേരെ ഈ ഗവൺമെന്റിന്റെ കാലത്ത് മെക്കാനിക്കുകളായി പ്രമോഷൻ നൽകിയിട്ടുണ്ട്;

(ബി) ഇപ്രകാരം പ്രമോഷൻ ലഭിച്ചവരുടെ യോഗ്യത എന്തെല്ലാം എന്നു വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവരുടെ നിയമന സമയത്ത് ഇവരിൽ എത്ര പേർ അഡീഷണൽ കാളിഫിക്കേഷൻ എന്ന നിലയിൽ മെക്കാനിക്ക് നിയമനത്തിനുള്ള യോഗ്യത സംബന്ധിക്കുന്ന സാക്ഷ്യപത്രങ്ങൾ നൽകുകയും അത് അവരുടെ സർവ്വീസ് ബുക്കിൽ ചേർക്കുകയും ചെയ്തിട്ടുണ്ട്;

(ഡി) ഈ ഗവൺമെന്റിന്റെ കാലത്ത് മെക്കാനിക്കായി പ്രമോഷൻ ലഭിച്ചവർ അതിനുള്ള യോഗ്യത കാണിക്കുന്ന ആരുടെയെല്ലാം സാക്ഷ്യപത്രങ്ങളാണ് ഹാജരാക്കിയിട്ടുള്ളത്;

(ഇ) പ്രസ്തുത സാക്ഷ്യപത്രം നൽകിയിട്ടുള്ളവർക്ക് ഷോപ്പുകളിൽ അവർ മെക്കാനിക്കായി ജോലി ചെയ്തിരുന്നപ്പോൾ അവർ സൗജന്യസേവനം നടത്തുകയായിരുന്നുവെന്നോ അതോ ശമ്പളത്തിനുവേണ്ടി ജോലി ചെയ്യുക ആയിരുന്നുവെന്നോ സാക്ഷ്യപത്രങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ടോ;

(എഫ്) ഇല്ലാത്തപക്ഷം അവർ പ്രസ്തുത വർക്ക്ഷോപ്പുകളിൽ യഥാർത്ഥമായും സേവനമനുഷ്ടിച്ചിട്ടുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ;

(ജി) മെക്കാനിക്കായി പ്രമോഷൻ ലഭിച്ച ജീവനക്കാർ ഹാജരാക്കിയ സർട്ടിഫിക്കറ്റുകൾ സംബന്ധിച്ച നിജസ്ഥിതിയെപ്പറ്റി അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)മുതൽ(ജി)വരെ വിവരം ശേഖരിച്ചുവരുന്നു.

129 (2442) പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനു നടപടി

ശ്രീ. എൻ. കണ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ ഫയർസ്റ്റേഷൻ ആരംഭിച്ചു എന്നു വെളിപ്പെടുത്തുമോ;

(ബി) പുതിയ ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നിലവിലുണ്ടോ;

(സി) വണ്ടൂർ നിയോജകമണ്ഡലത്തിലെ പാണ്ടിക്കാട് പുതിയ ഫയർ സ്റ്റേഷനു സ്ഥലം നൽകാൻ പഞ്ചായത്ത് സമ്മതിച്ചിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പാണ്ടിക്കാട് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 5 എണ്ണം.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) പുതുതായി ഫയർ സ്റ്റേഷനുകൾ ആവശ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുത്ത് ഒരു മുൻഗണനാപട്ടിക തയ്യാറാക്കിയതിനുശേഷം ആ മുൻഗണനാപട്ടികയുടെ അടിസ്ഥാനത്തിലാണ് ഫയർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുന്നത്. പുതിയ മുൻഗണനാപട്ടിക തയ്യാറാക്കുന്നതി

LIBRARY ARCHIVES Kerala Legislative Assembly